ആലപ്പുഴ ജില്ലയിൽ വ്യവസായ വാണിജ്യ ഡയറക്ടറേറ്റ് മുഖേന ആരംഭിച്ച 3047 വ്യവസായ യൂണിറ്റുകൾ ലാഭകരമായി പ്രവർത്തിക്കുന്നു. ഈ യൂണിറ്റുകളിൽ 11020 തൊഴിലാളികൾ ജോലി ചെയ്യുന്നു.

## വ്യവസായ സ്ഥാപനങ്ങൾ ആരംഭിക്കുന്നതിന് സഹായം

**224 (569)** ശ്രീമതി കെ. കെ. ലതിക : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകളിൽ വ്യവസായ സ്ഥാപനങ്ങൾ ആരംഭിക്കുന്നതിന് സഹകരണ സ്ഥാപനങ്ങൾക്ക് എന്തെങ്കിലും ഇളവുകളും സഹായവും നൽകിവരുന്നുണ്ടോ ;

(ബി) സ്വകാര്യ സ്ഥാപനങ്ങൾക്കും വ്യക്തികൾക്കും നൽകുന്ന പ്രാതിനിധ്യവും സഹായവും സഹകരണ സ്ഥാപനങ്ങൾക്ക് നൽകുന്നില്ലെന്ന പരാതി ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ ;

(സി) സഹകരണ മേഖലയെ സഹായിക്കുന്നതിനും പരിപോഷിപ്പിക്കുന്നതിനുമായി സഹകരണ വ്യവസായ സ്ഥാപനങ്ങൾ ആരംഭിക്കുന്നതിനുള്ള പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പാക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

### ഉത്തരം

(എ) സഹകരണ സ്ഥാപനങ്ങൾക്ക് ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകളിൽ വ്യവസായ സ്ഥാപനങ്ങൾ ആരംഭിക്കുന്നതിന് ഇളവുകൾ ഒന്നും നൽകാറില്ല.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) കേരളത്തിൽ സഹകരണമേഖലയിൽ ധാരാളം വ്യവസായ സ്ഥാപനങ്ങൾ പ്രവർത്തിച്ചുവരുന്നുണ്ട്. ടി സ്ഥാപനങ്ങൾക്ക് നൽകിവരുന്ന സഹായങ്ങൾ തുടർന്നും നൽകുന്നതായിരിക്കും.

## ചെറുകിട വ്യവസായങ്ങളുടെ വളർച്ച

**225 (570)** ശ്രീ. ജോസഫ് വാഴക്കൻ :
ശ്രീ. കെ. മുരളീധരൻ :
ശ്രീ. കെ. ശിവദാസൻ നായർ :
ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly

(എ) സംസ്ഥാനം ചെറുകിട വ്യവസായ വളർച്ചയിൽ ഒന്നാം സ്ഥാനം കരസ്ഥമാക്കിയിട്ടുണ്ടോ ; വ്യക്തമാക്കാമോ ;

(ബി) ഈ നേട്ടം കൈവരിക്കാൻ നിലവിലുള്ള സർക്കാർ എന്തെല്ലാം നടപടികൾ കൈക്കൊള്ളുകയുണ്ടായി ; വിശദമാക്കാമോ ;

(സി) പ്രസ്തുത മേഖലയിൽ എന്തിനെല്ലാമാണ് ഊന്നൽ നൽകിയതെന്നും എത്ര ശതമാനം വളർച്ചാനിരക്കാണ് കൈവരിച്ചതെന്നും വ്യക്തമാക്കാമോ ?

## ഉത്തരം

(എ) ജനസംഖ്യാനുപാതികമായി ഇന്ത്യയിൽ ഏറ്റവുമധികം എം.എസ്.എം.ഇ. യൂണിറ്റുകളും അതുവഴിയുള്ള തൊഴിൽ സൃഷ്ടി സാദ്ധ്യമാക്കുന്നതിലും കേരളം ഒന്നാമതാണ്. സംസ്ഥാനത്തെ മൊത്തം ജനസംഖ്യയുടെ 09.94 ശതമാനം സൂക്ഷ്മ ചെറുകിട ഇടത്തരം വ്യവസായമേഖലയുമായി ബന്ധപ്പെട്ട് ജോലി ചെയ്യുവരുന്നു. ഇക്കാര്യത്തിൽ ഇന്ത്യയിൽ ആദ്യം നിൽക്കുന്ന 10 സംസ്ഥാനങ്ങളുടെ താരതമ്യം ചെയ്ത പട്ടിക അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(ബി) സംരംഭകത്വ സഹായ പദ്ധതി (ഇ.എസ്.എസ്.), പ്രധാനമന്ത്രിയുടെ തൊഴിൽ സൃഷ്ടി പദ്ധതി (പി.എം.ഇ.ജി.പി.) എന്നീ സ്കീമുകളുടെ ഫലപ്രദമായ നടത്തിപ്പും ബ്ലോക്ക്-താലൂക്ക്-ജില്ലാതലങ്ങളിൽ നടത്താറുള്ള സംരംഭകത്വ ബോധവൽക്കരണ സെമിനാറുകൾ, സംരംഭകത്വ വികസന പരിശീലന പരിപാടികൾ, ടെക്നോളജി ക്ലിനിക്കുകൾ, നിക്ഷേപ മേളകൾ, എം.എസ്.എം.ഇ. ഉൽപ്പന്ന വിപണന മേളകൾ, മെഷിനറി എക്സിബിഷനുകൾ, സ്കിൽ ഡെവലപ്പ്മെന്റ് പരിശീലന പരിപാടികൾ, ഊർജ്ജിത വ്യവസായവൽക്കരണ പദ്ധതി എന്നിവയിലൂടെയുള്ള ബോധവൽക്കരണ-സഹായ പദ്ധതികൾ സംരംഭകർക്ക് നൽകുന്ന ഹാൻഡ് ഹോൾഡിംഗ് സഹായം തുടങ്ങിയവ സംരംഭകർക്ക് നൽകുന്നതിന് സഹായകമായിട്ടുണ്ട്.

(സി) സംരംഭകത്വ സഹായ പദ്ധതിയിൽ യുവസംരംഭകർ, വനിതാ സംരംഭകർ, പിന്നോക്കം നിൽക്കുന്ന ജില്ലകൾ, ഭക്ഷ്യസംസ്കരണം, റബ്ബർ അധിഷ്ഠിത വ്യവസായം, റെഡിമെയ്ഡ് ഗാർമെന്റ്സ്, പാരമ്പര്യേതര ഊർജ്ജ മേഖല, ബയോ ടെക്നോളജി, 100 ശതമാനം കയറ്റുമതി നടത്തുന്ന യൂണിറ്റുകൾ, പ്ലാസ്റ്റിക് വേസ്റ്റ് റീസൈക്ലിംഗ്, ബയോ ഫെർട്ടിലൈസർ തുടങ്ങിയ വ്യവസായ മേഖലകൾക്കും മുൻഗണന നൽകുന്നു.

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

## ചെറുകിട, ഇടത്തരം, വൻകിട വ്യവസായ സംരംഭങ്ങൾക്ക് നൽകിയ സഹായങ്ങൾ

**226 (571)** ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചെറുകിട, ഇടത്തരം, വൻകിട വ്യവസായ സംരംഭങ്ങൾക്ക് എന്തൊക്കെ സഹായങ്ങളാണ് അനുവദിക്കുന്നത്; വിശദമാക്കുമോ ;

(ബി) കഴിഞ്ഞ 4 വർഷത്തിനിടെ സംസ്ഥാനത്ത് എത്ര ചെറുകിട വ്യവസായ യൂണിറ്റുകൾ ആരംഭിച്ചു ; ജില്ല തിരിച്ച് വ്യക്തമാക്കുമോ ; ഈ യൂണിറ്റുകൾക്ക് എത്ര രൂപയുടെ സഹായം അനുവദിച്ചു ; വ്യക്തമാക്കുമോ ;

(സി) എത്ര വൻകിട വ്യവസായ യൂണിറ്റുകൾ കഴിഞ്ഞ 4 വർഷത്തിനിടെ സംസ്ഥാനത്ത് ആരംഭിച്ചു ; അവ ഏതെല്ലാമാണ് ; ഇവയ്ക്ക് എന്തെല്ലാം ആനുകൂല്യങ്ങൾ നൽകി ; വിശദാംശം ലഭ്യമാക്കുമോ ?

### ഉത്തരം

(എ) സംസ്ഥാനത്തെ ചെറുകിട, ഇടത്തരം, വൻകിട വ്യവസായ സംരംഭങ്ങൾക്ക് പ്രോൽസാഹനം നൽകുന്നതിനും വ്യവസായ സൗഹൃദ സംസ്ഥാനമാക്കി മാറ്റുന്നതിനും പുതിയ വ്യവസായ സംരംഭകരെ പ്രോൽസാഹിപ്പിക്കുന്നതിനുമായി താഴെപ്പറയുന്ന പ്രവർത്തനങ്ങൾ നടത്തുന്നു :

i. പുതിയ സംരംഭങ്ങൾ ആരംഭിക്കുന്നതിന് ജില്ലാ/താലൂക്ക്/ബ്ലോക്ക്/ പഞ്ചായത്ത് തലത്തിൽ സെമിനാറുകൾ, ബോധവൽക്കരണ ക്യാമ്പുകൾ, വർക്ക്ഷോപ്പുകൾ, ടെക്നോളജി ക്ലിനിക്ക് തുടങ്ങിയവയിലൂടെ സംരംഭകർക്ക് വേണ്ട ബോധവൽക്കരണം നടത്തുന്നു.

ii. സംരംഭകർക്ക് സ്ഥാപനങ്ങൾ ആരംഭിക്കുന്നതിന് സാമ്പത്തിക സഹായം ആവശ്യമെങ്കിൽ വിവിധ ധനകാര്യ സ്ഥാപനങ്ങളിൽനിന്ന് വായ്പ ലഭ്യമാക്കുന്നതിന് മാർഗ്ഗനിർദ്ദേശങ്ങൾ നൽകിവരുന്നു. ധനകാര്യസ്ഥാപനങ്ങളിലേക്ക് ടെക്നിക്കൽ ഫീസിബിലിറ്റി റിപ്പോർട്ട് നൽകുന്നു.

iii. സ്ഥാപനങ്ങൾ ആരംഭിക്കുന്നതിന് ആവശ്യമായ ലൈസൻസുകളും ക്ലിയറൻസുകളും നേടി എടുക്കുന്നതിനും വേണ്ടസൗകര്യങ്ങൾ സിംഗിൾ വിൻഡോ ക്ലിയറൻസ് ബോർഡിലൂടെ നൽകിവരുന്നു.